LIBRARY ARCHIVES Kerala Legislative Assembly

എബോള, മോർബിലി എന്നീ രോഗങ്ങൾ ജനങ്ങൾക്ക് ബാധിക്കാതിരിക്കാൻ നടപടി

*25 [533] ശ്രീ. എ. കെ. മണി:

" എം. എം. ഹസ്സൻ:

" ജോർജ് ജെ. മാത്യു:

" ബി. വിജയകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എബോള, മോർബിലി എന്നീ രോഗങ്ങൾ സംസ്ഥാനത്ത് ആർക്കെങ്കിലും ബാധിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെത്തുന്ന വിദേശികൾ ഏതെല്ലാം രോഗങ്ങളിൽനിന്ന് വിമുക്തരാണെന്ന സർട്ടിഫിക്കറ്റാണ് അധികാരികളെ കാണിക്കേണ്ടത്;

(സി) ഇത്തരം മെഡിക്കൽ സർട്ടിഫിക്കറ്റുകൾ ശരിയായ വിധത്തിലുള്ള താണോ എന്ന് ഉറപ്പാക്കാനുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണ്;

(ഡി) വിദേശത്ത് താമസിച്ചശേഷം സംസ്ഥാനത്ത് എത്തുന്ന കേരളീയർ എന്തെങ്കിലും മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ):

(എ) ബാധിച്ചതായി റിപ്പോർട്ടില്ല.

(ബി) കോളറയ്ക്കെതിരെയുള്ള വാക്സിനേഷൻ സർട്ടിഫിക്കറ്റ് എല്ലാ വിദേശികളും യെല്ലോ ഫീവറിനെതിരായ വാക്സിനേഷൻ സർട്ടിഫിക്കറ്റ് സൗത്ത് അമേരിക്ക, ആഫ്രിക്ക എന്നീ രാജ്യങ്ങളിൽനിന്ന് വരുന്ന വിദേശീയരും ഹാജരാക്കേണ്ടതാണ്.

(സി) ഈ സർട്ടിഫിക്കറ്റുകൾ വിമാനത്താവളത്തിൽ ഇമിഗ്രേഷൻ അധികാരികളാണ് പരിശോധിച്ചു വരുന്നത്. ആവശ്യമായ ഘട്ടങ്ങളിൽ എയർപോർട്ടിലുള്ള ഹെൽത്ത് കൗണ്ടറിൽ എയർപോർട്ട് ഹെൽത്ത് ആഫീസർ വിദഗ്ദ്ധ പരിശോധനകൾ നടത്താറുണ്ട്.

(ഡി) ആഫ്രിക്കൻ രാജ്യങ്ങളിലും തെക്കേ അമേരിക്കൻ രാജ്യങ്ങളിലും താമസിച്ച് തിരിച്ചുവരുന്ന മലയാളികൾ യെല്ലോഫീവറിന് എതിരായ വാക്സിനേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.